ഒമ്പത്

## പരിശ്രമം

നിങ്ങൾ നെപ്പോളിയനെന്ന ഭരണാധികാരിയെക്കുറിച്ച് കേട്ടിട്ടില്ലേ? അത്യധ്വാനത്തിലൂടെ ലോകം കീഴടക്കിയ വ്യക്തിയാണദ്ദേഹം. ഫ്രാൻസിലെ ഒരു തെരുവിൽ ലറ്റീഷ എന്നു പേരായ ഒരു സാധാരണക്കാരിയുടെ മകനായാണ് നാപ് ജനിച്ചത്. അത്യധ്വാനിയായ ആ പയ്യനാണ് പിന്നീട് ലോകപ്രശസ്തനായി മാറിയത്.

കൈ നനയാതെ പിടിക്കുക എന്ന് കേട്ടിട്ടില്ലേ? അധ്വാനം കൂടാതെ കാര്യം സാധി ക്കണം എന്ന ദുരാഗ്രഹത്തിനാണ് അങ്ങനെ പറയുക. ഏത് കാര്യവും നമ്മുടെ അധ്വാനത്തെ ആശ്ര യിച്ചാണിരിക്കുന്നത്. അധ്വാനിക്കാനും പരിശ്രമിക്കാനും നാം എത്രമാത്രം തയാറാണോ അതിന നുസരിച്ചാണ് നമുക്ക് ലാഭം ഉണ്ടാകുന്നത്. മടിച്ചിരുന്നാൽ ഒന്നും ലഭിക്കുകയില്ല.

തൻെറ അടുത്തിരിക്കുന്ന കൂട്ടുകാരൻ നമ്മെക്കാൾ രണ്ട് മാർക്ക് കൂടുതൽ വാങ്ങിയാൽ നമുക്ക് പ്രയാസം തോന്നാറില്ലേ? ക്ലാസിൽ വെച്ച് അധ്യാപകൻെറ ചോദ്യങ്ങൾക്ക് ഉത്തരം നല്കാൻ സാധിക്കാതിരുന്നാൽ നാം പ്രയാസപ്പെടാറില്ലേ? അതൊക്കെ നമ്മുടെ തന്നെ അധ്വാനത്തെ ആശ്ര യിച്ചാണിരിക്കുന്നത്. ഓരോ പ്രയാസം ഉണ്ടാകുന്നതും നമ്മുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച കാരണമാണ്.

വെറുതെ ഒന്നും ഉണ്ടാവുകയില്ല. അതിന് ആഗ്രഹിക്കുകയും ചെയ്യരുത്. അധ്വാനമാണ് എല്ലാം നേടിത്തരുന്നത്. അധ്വാനിച്ചാൽ എന്തിനെയും നമുക്ക് വശത്താക്കാം. ചെറിയ കാര്യം മുതൽ വലിയ കാര്യങ്ങൾ വരെ നമ്മുടെ ചെറുതും വലുതുമായ പരിശ്രമത്തെ ആശ്രയിച്ചാണിരി ക്കുന്നത്.

മടിയും അലസതയും പിശാചിൻെറ സ്വഭാവമാണ്. നമ്മുടെ ഭാവി നന്നാകണമെന്ന് ആഗ്രഹിച്ച തുകൊണ്ടും സ്വപ്നം കണ്ടതുകൊണ്ടും കാര്യമില്ല. അധ്വാനിക്കുക തന്നെ വേണം. അധ്വാനി ക്കുന്നവരോടൊപ്പമാണ് ദൈവത്തിൻെറ സഹായം ഉണ്ടാവുകയുള്ളൂ.

ശരിക്ക് അധ്വാനിക്കുക, ചിലപ്പോൾ സുഖവും വിനോദവുമെല്ലാം മാറ്റിവെക്കേണ്ടിവരും. സാര മില്ല. നമ്മുടെ വിജയത്തിനാണല്ലോ.